"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - ഹരിത കേരളം മിഷനു കീഴിൽ ലാന്റ് സ്കേപ്പ് തലത്തിൽ ഒരു കോർഡിനേറ്ററും രണ്ട് പ്രോജക്ട് അസോസിയേറ്റ്സും ഉൾപ്പെടുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് കരാർ വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

സ.ഉ.(സാധാ) നം.91/2025/PIE&MD തീയതി,തിരുവനന്തപുരം, 24-03-2025

---

പരാമർശം:- 1. 30.07.2022-ലെ സ.ഉ (സാധാ) നം.122/2022/പനിവിനിവ ഉത്തരവ്.

2. 28.03.2023 ലെ PIEM 3/25/2023 നമ്പർ സർക്കാർ കത്ത്.

3. നവകേരളം കർമ്മപദ്ധതി-II കോർഡിനേറ്ററുടെ 30.09.2023, 10.11.2023 തിയതികളിലെ NKP/A2/73/19 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പരാമർശം (1) ഉത്തരവ് പ്രകാരം ഹരിത കേരളം മിഷനു കീഴിൽ ലാന്റ് സ്കേപ്പ് തലത്തിൽ ഒരു കോർഡിനേറ്ററും രണ്ട് പ്രോജക്ട് അസോസിയേറ്റ്സും (ഒന്ന് ലാന്റ് സ്കേപ്പ് തലത്തിലും ഒന്ന് സംസ്ഥാന തലത്തിലും) ഉൾപ്പെടുന്ന ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചു. പരാമർശം (2) കത്ത് പ്രകാരം, ടി തസ്തികയിലേയ്ക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാൻ നവകേരളം കർമ്മപദ്ധതി-II സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്-നെ ഏൽപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുകയും റാങ്ക് ലിസ്റ്റ് നവകേരളം കർമ്മപദ്ധതി-II ന് കൈമാറുകയും ചെയ്തു. ആയതു പ്രകാരം നിയോഗിച്ച ഉദ്യോഗാർത്ഥികൾ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ പ്രവർത്തിച്ചു വരികയാണെന്നും, ഇവർക്ക് കരാർ വേതനം നിശ്ചയിച്ച് നൽകണമെന്നും നവകേരളം കർമ്മപദ്ധതി-II കോർഡിനേറ്റർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരളം കർമ്മപദ്ധതി-II പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രോജക്ട് കോർഡിനേറ്റർ തസ്തികയ്ക്ക് 75000/- (എഴുപത്തി അയ്യായിരം) രൂപയും പ്രോജക്ട് അസോസിയേറ്റ്സ് (ഒന്ന് ലാന്റ് സ്കേപ്പ് തലത്തിലും ഒന്ന് സംസ്ഥാന തലത്തിലും) തസ്തികയ്ക്ക് 50000/- (അമ്പതിനായിരം) രൂപയും കരാർ വേതനമായി നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് ഹരികിഷോർ ഐ എ എസ്

സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നവകേരളം കർമ്മ പദ്ധതി-II കോർഡിനേറ്റർ മുഖേന)
കോർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി-II
ധനകാര്യ (വ്യയം-ബി) വകുപ്പ് (Exp-B3/156/2023-FIN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),കേരളം,തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Devi K G
സെക്ഷൻ ഓഫീസർ
Date: 24-03-2025 14:23:46